**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** | **11-02-2025 - ൽ മറുപടിയ്ക്ക്**

**അപകടകരമായ നിലയിൽ നില്ക്കുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളോട് ചേർന്ന് അപകടകരമായ നിലയിൽ നില്ക്കുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള പൊതുസ്ഥലങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ അടിയന്തര പ്രാധാന്യത്തോടെ മുറിച്ചുമാറ്റേണ്ട സാഹചര്യത്തിൽ ദുരന്തനിവാരണ വകുപ്പിന്റെ 28.05.2018 തീയതിയിലെ ഡി.എം.1/217/2018/ഡി.എം.ഡി നമ്പർ പരിപത്രം പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആയത് പ്രകാരം പഞ്ചായത്ത് തലത്തിലുള്ള പ്രാദേശികതല ട്രീ കമ്മിറ്റിയാണ് സത്വര നടപടികൾ സ്വീകരിക്കുന്നത്. ഈ കമ്മിറ്റിയിൽ വനം വകുപ്പിൽ നിന്ന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളാണ്. അടിയന്തര പ്രാധാന്യമുള്ള മരംമുറി അപേക്ഷകളിൽ കാലതാമസം ഇല്ലാതെ ഈ കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ള പൊതുസ്ഥലങ്ങളിൽ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ